**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 257** **12-10-2026-ൽ മറുപടിയ്ക്ക്**

**തളിപ്പറമ്പിൽ ബി.പി.എൽ./എ.എ.വൈ. റേഷൻ കാർഡുടമകളിൽ നിന്ന് പിഴ ഈടാക്കുന്ന നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിൽ ഐ.ടി.ആർ ഫയൽ ചെയ്യുവെന്ന ആദായ നികുതി വകുപ്പ് വെബ്സൈറ്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബി.പി.എൽ. (BPL), എ.എ.വൈ. (AAY) കാർഡുടമകളെ താലൂക്ക് സപ്ലൈ ഓഫീസിലേക്ക് വിളിച്ച് വരുത്തുകയും അവർ ഇതുവരെ വാങ്ങിയ മുഴുവൻ ധാന്യങ്ങളുടെയും പൊതുവിപണി വില പിഴയായി ഈടാക്കുകയും ചെയ്യുന്നുണ്ടെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ഉണ്ട്. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം, 2013-ന്റെയും കേരള ഭക്ഷ്യസുരക്ഷാ ചട്ടങ്ങൾ, 2018-ന്റെയും വ്യവസ്ഥകൾ പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട ഒരു കുടുംബത്തിന്റെ സാമൂഹിക-സാമ്പത്തിക സ്ഥിതി മെച്ചപ്പെടുകയും മുൻഗണനാ വിഭാഗത്തിനുള്ള അർഹത നഷ്ടപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ, പ്രസ്തുത വിവരം ബന്ധപ്പെട്ട അധികാരികളെ അറിയിച്ച് റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിൽ നിന്ന് മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റേണ്ടതുണ്ട്.

നിശ്ചിത സമയപരിധിക്കുള്ളിൽ ഇപ്രകാരം വിവരം അറിയിക്കുകയോ റേഷൻ കാർഡിന്റെ വിഭാഗം മാറ്റുകയോ ചെയ്യാതെ മുൻഗണനാ ആനുകൂല്യങ്ങൾ അനർഹമായി കൈപ്പറ്റിയതായി കണ്ടെത്തുന്ന കുടുംബങ്ങളിൽ നിന്ന്, അനർഹമായി കൈപ്പറ്റിയ ഭക്ഷ്യധാന്യങ്ങളുടെ സാമ്പത്തിക ചെലവ് (Economic Cost) ഈടാക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നു.

കൂടാതെ, കേന്ദ്രസർക്കാരിൽ നിന്ന് ലഭ്യമായ Suspected Beneficiary List-ൽ ഉൾപ്പെട്ടതും വാർഷിക വരുമാനം 3 ലക്ഷത്തിൽ അധികമാണെന്ന് കാണിച്ച് ആദായനികുതി റിട്ടേൺ (ITR) സമർപ്പിച്ചതുമായ മുൻഗണനാ റേഷൻ കാർഡുടമകളെ സംബന്ധിച്ച് പരിശോധനകൾ നടത്തിയിട്ടുണ്ട്. പരിശോധനയിൽ അനർഹരാണെന്ന് കണ്ടെത്തുന്നവരുടെ റേഷൻ കാർഡുകൾ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റുകയും, അർഹമായ കേസുകളിൽ അനർഹമായി കൈപ്പറ്റിയ ഭക്ഷ്യധാന്യങ്ങളുടെ Economic Cost ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**(ബി)** മുൻ സർക്കാരിന്റെ കാലത്തുണ്ടായ സാങ്കേതിക പിഴവുകളോ വിജ്ഞാപന വൈകല്യങ്ങളോ മൂലമാണ് ഈ രീതിയിൽ കാർഡ് മാറ്റം വരാതിരുന്നതെന്നും നിർധനരായ കാർഡുടമകൾക്കാണ് ഈ വലിയ തുക പിഴയായി നൽകുന്നതിന് നോട്ടീസ് ലഭിച്ചിട്ടുള്ളതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** കേരള ഭക്ഷ്യസുരക്ഷാ ചട്ടങ്ങൾ, 2018-ൽ നിഷ്കർഷിച്ചിട്ടുള്ള മുൻഗണനാ മാനദണ്ഡങ്ങൾക്കതീതമായി കുടുംബങ്ങളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ട

സാഹചര്യങ്ങളും, മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന ചില വ്യക്തികൾ തൊഴിൽ മേഖല മാറി ഉയർന്ന വരുമാനമുള്ള തൊഴിൽ നേടിയതിനെ തുടർന്ന് ആദായനികുതി റിട്ടേൺ (ITR) സമർപ്പിച്ചതും, വാഹനം സ്വന്തമാക്കിയതും, 1000 ചതുരശ്ര അടി കവിയുന്ന വിസ്തീർണ്ണമുള്ള വീട് ആർജിച്ചതും, ഒരേക്കറിൽ കൂടുതൽ ഭൂമി സമ്പാദിച്ചിട്ടുള്ളതായും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം ജീവിതനിലവാരത്തിൽ ഉണ്ടായ മാറ്റങ്ങൾ സംബന്ധിച്ച വിവരം ബന്ധപ്പെട്ട അധികാരികളെ യഥാസമയം അറിയിക്കാതിരുന്നതിനാലാണ് പ്രസ്തുത കുടുംബങ്ങൾ മുൻഗണനാ വിഭാഗത്തിൽ തുടരാൻ ഇടയായതെന്നും അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് നിലവിലുള്ള ചട്ടങ്ങളും നിർദ്ദേശങ്ങളും അനുസരിച്ച് അനർഹമായി കൈപ്പറ്റിയ ഭക്ഷ്യധാന്യങ്ങളുടെ സാമ്പത്തിക ചെലവ് (Economic Cost) ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്.

**(സി)** നിർധനരായ കാർഡുടമകളിൽ നിന്ന് വൻതുക പിഴയായി ഈടാക്കുന്ന നടപടി ഒഴിവാക്കുന്നതിനും ആശ്വാസകരമായ തീരുമാനം എടുക്കുന്നതിനും അടിയന്തരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**മറുപടി:** അന്വേഷണത്തിൽ നിർധനരാണെന്ന് കണ്ടെത്തിയവരിൽ നിന്ന് യാതൊരു പിഴത്തുകയും ഈടാക്കിയിട്ടില്ല. ഉയർന്ന വരുമാനമുള്ളവർ മുൻഗണനാ വിഭാഗത്തിലുള്ള റേഷൻ കാർഡിൽ തുടരുന്നതായി കണ്ടെത്തിയ കേസുകളിൽ മാത്രം നോട്ടീസ് നൽകി സാമ്പത്തിക ചെലവ് (Economic Cost) ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ജീവിതനിലവാരം മെച്ചപ്പെട്ടിട്ടും വിവിധ കാരണങ്ങളാൽ റേഷൻ കാർഡിന്റെ വിഭാഗം മാറ്റാതെ മുൻഗണനാ വിഭാഗത്തിൽ തുടരുന്ന കുടുംബങ്ങൾക്ക്, പിഴ കൂടാതെ സ്വമേധയാ മുൻഗണനാ വിഭാഗത്തിൽനിന്ന് മുൻഗണനേതര വിഭാഗത്തിലേക്ക് റേഷൻ കാർഡ് മാറ്റുന്നതിനായി സറണ്ടർ ചെയ്യുന്നതിന് അവസരം നൽകുന്നതിന് രണ്ട് മാസം സമയപരിധി നിശ്ചയിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**